"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് — തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2024-25 വാർഷിക പദ്ധതി — റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിനും വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ.(സാധാ) നം.2513/2024/LSGD തീയതി,തിരുവനന്തപുരം, 20-12-2024

---

പരാമർശം:-
1. സ.ഉ.(കൈ) നം.198/2023/തസ്വഭവ; തീയതി 13.11.2023
2. സ.ഉ(സാധാ) നം.3370/2024/ധന; തീയതി 15.04.2024
3. സ.ഉ.(സാധാ) നം. 1236/2024/തസ്വഭവ; തീയതി 07.07.2024
4. സ.ഉ(സാധാ) നം.6203/2024/ധന; തീയതി 13.08.2024
5. സ.ഉ.(സാധാ) നം. 2101/2024/തസ്വഭവ; തീയതി 04.11.2024
6. സ.ഉ(സാധാ) നം.8861/2024/ധന; തീയതി 30.11.2024

**ഉത്തരവ്**

2024-25 സാമ്പത്തിക വർഷത്തെ സംസ്ഥാന ബജറ്റിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള റോഡ് മെയിന്റനൻസ് ഫണ്ട് ഇനത്തിൽ വകയിരുത്തിയിട്ടുള്ള മുഴുവൻ തുകയും (ആകെ 2542.27 കോടി രൂപ) പരാമർശം 2, 4, 6 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്തിട്ടുണ്ട്. എന്നാൽ 2023-24ലെ വിഹിതത്തിന് അനുസൃതമായാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ റോഡ് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകൾക്ക് രൂപം നൽകിയിട്ടുള്ളത്. വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അവസരം നല്കേണ്ടതുണ്ടെന്ന് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

2. മേൽവിവരിച്ച സാഹചര്യത്തിൽ പരാമർശം 2, 4, 6 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുകയ്ക്ക് അനുസൃതമായി റോഡ് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകളുടെ അടങ്കൽ തുക ക്രമീകരിക്കുന്നതിനും അതിനായി വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിനും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകി ഉത്തരവാകുന്നു. പരാമർശം 2, 4, 6 ഉത്തരവുകൾ പ്രകാരം വിതരണം ചെയ്ത തുക സുലേഖ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തി നല്കുന്നതാണ്. ലഭ്യമായ അധികം തുകയ്ക്ക് പുതിയ പ്രോജക്ടുകൾ ഏറ്റെടുക്കുകയോ നിലവിലുള്ള പ്രോജക്ടുകളുടെ വിഹിതം വർദ്ധിപ്പിക്കുകയോ ചെയ്യാവുന്നതാണ്.

3. മുൻ ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം റോഡ് മെയിന്റനൻസ് ഫണ്ട് പ്രോജക്ടുകളുടെ അടങ്കൽ തുക ക്രമീകരിക്കുന്നതിനൊപ്പം പരാമർശം 5 ഉത്തരവിൽ പ്രതിപാദിച്ചിട്ടുള്ള ഭേദഗതികൾ കൂടി വാർഷിക പദ്ധതിയിൽ വരുത്താവുന്നതാണെന്ന് വ്യക്തമാക്കുന്നു.

4. വാർഷിക പദ്ധതി പരിഷ്കരിക്കുന്നതിന് ചുവടെ നല്കിയിട്ടുള്ള നടപടിക്രമങ്ങൾ ബാധകമായിരിക്കും.

- 4.1 ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന ഭേദഗതികൾ സ്റ്റാന്റിംഗ് കമ്മിറ്റികൾ പരിശോധിച്ച് ശിപാർശ നൽകുന്നതിന്റെ അടിസ്ഥാനത്തിൽ ഭേദഗതികൾ സംബന്ധിച്ച തീരുമാനം ഭരണസമിതി എടുക്കേണ്ടതാണ്.
- 4.2 ഭരണസമിതി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ സുലേഖ സോഫ്റ്റ് വെയറിൽ ആവശ്യമായ ഭേദഗതികൾ വരുത്തി ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതും ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ച ശേഷം വെറ്റിംഗ് നടപടികൾ പൂർത്തിയാക്കേണ്ടതുമാണ്.
- 4.3 വാർഷികപദ്ധതി ഭേദഗതിയുടെ ഭാഗമായി ഏറ്റെടുക്കുന്ന പുതിയ പ്രോജക്ടുകളുടെയും ഉപേക്ഷിച്ച പ്രോജക്ടുകളുടെയും പട്ടിക വാർഷിക പദ്ധതി ഭേദഗതിക്ക് ശേഷം ഏറ്റവും ആദ്യം കൂടുന്ന ഗ്രാമസഭാ/വാർഡ്സഭാ യോഗങ്ങളിൽ അവതരിപ്പിക്കേണ്ടതാണ്.

5. റോഡ് മെയിന്റനൻസ് ഫണ്ടിന്റെ കാര്യത്തിൽ ലഭ്യമായ വിഹിതത്തിൽ മാറ്റമുണ്ടായ സാഹചര്യത്തിൽ എല്ലാ ഗ്രാമ/ജില്ലാ പഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും നിർബന്ധമായും വാർഷിക പദ്ധതി പരിഷ്കരിക്കുന്നുവെന്ന് ജില്ലാ ആസൂത്രണ സമിതികൾ ഉറപ്പാക്കേണ്ടതാണ്.

6. വാർഷിക പദ്ധതി പരിഷ്കരിച്ച് ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ട അവസാന തീയതി **2025 ജനുവരി 4** ആയിരിക്കും.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ-അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
11. ചീഫ് ടൗൺ പ്ലാനർ
12. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
13. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
14. എല്ലാ ജില്ലാ കളക്ടർമാർക്കും
15. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
16. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
17. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും

18. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
19. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
20. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
21. ഡയറക്ടർ ജനറൽ, കില
22. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
23. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
24. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
25. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
26. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Viraj K
Date: 20-12-2024 17:08:41

സെക്ഷൻ ഓഫീസർ

പകർപ്പ്:-
1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്